# കുടുംബശ്രീ തെരഞ്ഞെടുപ്പ് - കൊല്ലം

സ്ത്രീ ശാക്തീകരണത്തിലൂടെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന ദൗത്യമായ കുടുംബശ്രീ 1997ലാണ് നിലവിൽ വന്നത്. അന്ന് മുതൽ ശക്തമായ പ്രവർത്തനങ്ങളിലൂടെ കേരളത്തിന്റെ സാമൂഹ്യ മേഖലയിൽ സ്ഥിര സാന്നിധ്യമായി മാറിക്കഴിഞ്ഞിരിക്കുന്നു കുടുംബശ്രീ. ഇന്ന് 43 ലക്ഷത്തിലേറെ കുടുംബങ്ങൾ കുടുംബശ്രീ അംഗങ്ങളാണ്. ത്രിതല സംഘട നാ സംവിധാനമാണ് കുടുംബശ്രീയ്ക്കുള്ളത്. അയൽക്കൂട്ടങ്ങളാണ് (എൻഎച്ച്ജി-നൈബർഹുഡ് ഗ്രൂപ്പ്) ഏറ്റവും അടിസ്ഥാന തലം. വാർഡ് തലത്തിൽ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റിയും (എഡിഎസ്) പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയും (സിഡിഎസ്). സമാന്തരമായ പ്രവർത്തനങ്ങളല്ല ഈ സംഘടനാ സംവിധാനങ്ങൾ നടത്തുന്നത്. സിഡിഎസിന്റെ കീഴ്ഘടകമായി എഡി എസും എഡിഎസിന്റെ കീഴ്ഘടകമായി അയൽക്കൂട്ടങ്ങളും വർത്തിക്കുന്നു. ഈ മൂന്ന് സംവിധാനങ്ങളുടെയും സംയോജന പ്രവർത്തന ഫലമായി അതാത് പ്രദേശങ്ങളിലെ ദാരിദ്ര്യ ലഘൂകരണവും ദാരിദ്ര്യ നിർമ്മാർജ്ജനവും നടന്നുവരുന്നു.

## കുടുംബശ്രീയിലെ തെരഞ്ഞെടുപ്പ്

2008ലാണ് കുടുംബശ്രീ സിഡിഎസിന് വ്യവസ്ഥാപിതമായ നിയമാവലിയും തെരഞ്ഞെടുപ്പ് മാർഗ്ഗരേഖയും പ്രസിദ്ധീകരിച്ചത്. അത് വരെ അയൽക്കൂട്ടവും എഡിഎസും സിഡിഎസുമെല്ലാം പ്രത്യേകമായി ജില്ലാ രജിസ്ട്രാർ മുമ്പാകെ ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രർ ചെയ്ത് പ്രവർത്തിക്കുന്നവയായിരുന്നു. വർഷാവർഷം രജിസ്ട്രേഷൻ പുതുക്കുന്നതിന്റെ ബുദ്ധിമുട്ടുകൾ ഒഴിവാക്കി സിഡിഎസ് എന്ന ഒറ്റ ഘടകത്തിന്റെ ഭാഗമാക്കാൻ എഡിഎസിനെയും അയൽക്കൂട്ടത്തെയും സിഡിഎസുമായി സംയോജിപ്പിക്കുകയാണ് ചെയ്തത്. ഇതോടെ ഗവൺമെന്റ് ബൈലോ ആനുസരിച്ച് സിഡിഎസുകൾ മാത്രം ജില്ലാ രജിസ്ട്രേഷൻ നേടിയാൽ മതിയെന്ന അവസ്ഥ വന്നു. എഡിഎസും അയൽക്കൂട്ടങ്ങളും സിഡിഎസിൽ അഫിലിയേഷൻ നേടിയാൽ മതിയായി.

2011ലും 2014ലും ബൈലോയും തെരഞ്ഞെടുപ്പ് ചട്ടങ്ങളും പരിഷ്ക്കരിച്ചു. മൂന്ന് വർഷത്തിലൊരിക്കൽ സംസ്ഥാനത്തൊട്ടാകെ മൂന്ന് തലങ്ങളിൽ തെരഞ്ഞെടുപ്പ് നടത്തുന്നു. അതിനായി പ്രത്യേകം നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നതും നിശ്ചിത കാലഘട്ടത്തിനുള്ളിൽ പൂർത്തീകരിക്കുന്നതും. ഇങ്ങനെ ചെയ്യുമ്പോൾ സംസ്ഥാനത്തൊട്ടാകെ പുതിയൊരു നേതൃത്വം കുടുംബശ്രീ സംവിധാനത്തിലാകെ നിലവിൽ വരും. തുടർച്ചയായി രണ്ട് വർഷം ഒരേ ഔദ്യോഗിക നേതൃത്വം വഹിച്ചിരുന്നവർ ആ സ്ഥാനം ഒഴിയാനും പുതിയ ആളുകൾ തത് സ്ഥാനത്തെത്തുവാനും കഴിയുന്ന രീതിയിലായിരുന്നു ഈ മാറ്റം.

പിന്നീട് കുടുംബശ്രീ ഓരോ ഘട്ടങ്ങളിലായി വളർച്ചയുടെ പടവുകൾ കയറി. ഇന്ന് 4306976 കുടുംബങ്ങളാണ് കുടുംബശ്രീ അംഗങ്ങളായിട്ടുള്ളത്. 277175 അയൽക്കൂട്ടങ്ങൾ ആകെയുണ്ട്. 19854 എഡിഎസും 1073 സിഡിഎസുമുണ്ട്. 3679 കോടി രൂപയാണ് ആകെ ത്രിഫ്റ്റ്. 14813 കോടി രൂപ ആകെ ആന്തരിക വായ്പയും 6453 കോടി രൂപ ലിങ്കേജ് വായ്പയും. 2015 ജനുവരി മാസത്തിൽ നടത്തിയ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണസമിതിയുടെ കാലാവധി 2018 ജനുവരി 25നാണ് അവസാനിക്കുന്നത്. അതിന് മുന്നോടിയായി തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കുകയായിരുന്നു.

## <u>കൊല്ലത്തെ തെരഞ്ഞെടുപ്പ് നടത്തിപ്പ്</u>

22685 അയൽക്കൂട്ടങ്ങളും 1419 എഡിഎസും 74 സിഡിഎസുമാണ് കൊല്ലം ജില്ലയിലുള്ളത്. ആകെ 3.24 ലക്ഷം കുടുംബശ്രീ അംഗങ്ങൾ

**2017 ഡിസംബർ അഞ്ചിനാ**ണ് തെരഞ്ഞെടുപ്പ് സംബന്ധിച്ച ഉത്തരവ് ജില്ലാ മിഷനിൽ സംസ്ഥാന മിഷനിൽ നിന്ന് ലഭിച്ചത്. ഓഡർ ലഭിച്ച അന്ന് തന്നെ ഈ ഉത്തരവ് എല്ലാ സിഡിഎസുകളിലേക്കും ജില്ലാ മിഷനിൽ നിന്ന് അയച്ചു കൊടുത്തു.

സംസ്ഥാന മിഷനിൽ എല്ലാ ജില്ലാ മിഷനുകളിലെയും ഡിഎംസി, എഡിഎംസി, ഡിപിഎം എന്നിവർക്കായി തെരഞ്ഞെടുപ്പ് സംബന്ധിച്ച മീറ്റിങ് **ഡിസംബർ അഞ്ചിന്** നടത്തി.

**ഡിസംബർ ഏഴിന്** ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരെ സംബന്ധിച്ച കത്ത് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയച്ചു നൽകി. ജില്ലാ മിഷൻ കോർഡി

നേറ്റർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടത് അനുസരിച്ച് ജില്ലാ തെരഞ്ഞെടുപ്പ് ഡെപ്യൂട്ടി കളക്ടർ പി.ആർ. ഗോപാലകൃഷ്ണനെ കുടുംബശ്രീ കൊല്ലം ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി നിയമിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലുമാണ് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിച്ചത്. അടുത്ത മൂന്ന് വർഷത്തേക്കുണ്ടാകുന്ന തെരഞ്ഞെടുപ്പുകളുടെയും ഉപതെരഞ്ഞെടുപ്പുകളുടെയും ഇടക്കാല തെരഞ്ഞെടുപ്പുക ളുടെയും ചുമതല അദ്ദേഹത്തിനായിരിക്കും. ഓരോ സിഡിഎസ്സിന്റെയും വരണാധി കാരിയെയും അസിസ്റ്റന്റ് വരണാധികാരിയെയും നിയമിക്കാനുള്ള പട്ടിക തയാറാക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചതും അദ്ദേഹമാണ്. ഇതനുസരിച്ച് ഓരോ സിഡിഎസിലും ഒരു വരണാധികാരിയും അസിസ്റ്റന്റ് വരണാധികാരിയും നിയമിക്കപ്പെട്ടു.

**11-12-2017**

ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് സംബന്ധിച്ച പ്രവർത്തന കലണ്ടർ സിഡിഎസു കൾക്ക് അയച്ചു നൽകി

**12-12-2017**

കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ വച്ച് മെമ്പർ സെക്രട്ടറി () അക്കൗണ്ടന്റ് എന്നിവ ർക്ക് തെരഞ്ഞെടുപ്പ് ഓറിയെന്റേഷൻ മീറ്റിങ് നടത്തി. അന്ന് തന്നെ ഡെപ്യൂട്ടി കളക്ട റുടെ ചേംബറിൽ വച്ച് ജില്ലാ തല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ മീറ്റിങ് നടത്തി.

**13-12-2017**

അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ പ്രവർത്തനങ്ങൾ 15-1202017ന് മുമ്പ് പൂർത്തിയാ ക്കണമെന്ന് ആവശ്യപ്പെട്ട് എല്ലാ സിഡിഎസ് ചെയർപേഴ്സൺമാർക്കും മെമ്പർ സെക്രട്ടറിമാർക്കും ജില്ലാ മിഷനിൽ നിന്ന് കത്ത് നൽകി.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിലവിൽ മെമ്പർ സെക്രട്ടറിമാരില്ലാത്ത സിഡി എസുകളിൽ അടിയന്തരമായി അവരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകി.

തെരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന എട്ട് ഫോർമാറ്റുകൾ സംസ്ഥാന മിഷനിൽ നിന്ന് നൽകി. ഡിസംബർ 22ന് പ്രിന്റിങ് പൂർത്തിയാക്കി ഫോർമാറ്റുകൾ ജില്ലാ മിഷനിൽ ലഭിച്ചു.

**14-12-2017**

ജില്ലാ മിഷന് കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും തെരഞ്ഞെടുപ്പ് ചുമതല നൽകി ഓഫീസ് ഓഡർ ഇറക്കി.

**18-12-17**

വരണാധികാരി, അസിസ്റ്റന്റ് വരണാധികാരി എന്നിവർക്കുള്ള പരിശീലനം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് നൽകി. വരണാധികാരിക്ക് 700 രൂപയും അസിസ്റ്റന്റ്

വരണാധികാരിക്ക് 500 രൂപയും അലവൻസായി നൽകി

**20-12-2017**

അഫിലിയേഷൻ രജിസ്ട്രർ വേരിഫിക്കേഷൻ കൊല്ലം പബ്ലിക് ലൈബ്രറി ഹാളിൽ വച്ച് നടത്തി.

**21-12-17**

തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ വിജ്ഞാപനം ഇറക്കി. 18ന് പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതിരുന്ന വരണാധികാരി, അസിസ്റ്റന്റ് വരണാധികാരികൾക്ക് പരിശീലനം നടത്തി.

**24-12-2017**

കർമ്മ ട്രെയിനിങ് ഗ്രൂപ്പിനെ വിളിച്ചു കൂട്ടി. 26-12-2017 മുതൽ 4-01-18 വരെയുള്ള കാലയളവിൽ അയൽക്കൂട്ട അദ്ധ്യക്ഷന്മാരുടെ പരിശീലനം അവരെ ഏൽപ്പിച്ചു.

**26-12-17**

എഡിഎസ് തല തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ നിയമനവുമായി ബന്ധപ്പെട്ട് കത്ത് നൽകി. നാല് എഡിഎസിന് ഒരാൾ എന്ന ക്രമത്തിൽ സർക്കാർ ഉദ്യോഗസ്ഥരെ വരണാധികരികൾ നിയമിക്കണം എന്ന ഉള്ളടക്കമായിരുന്നു കത്തിൽ.

**05-01-18 മുതൽ 07-01-18** വരെ ഡിഎംസി, എഡിഎംസിമാർ എന്നിവർ ഓരോ ബ്ലോക്കിലും പോയി എഡിഎസ് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് ക്ലാസ്സുകൾ നൽകി. മറ്റ് ജില്ലകളിൽ പരിശീലന ടീമാണ് ഈ ക്ലാസ്സുകളും നൽകിയത്.

## <u>അയൽക്കൂട്ട തല തെരഞ്ഞെടുപ്പ്</u>

**08-01-2018 മുതൽ 14-01-2018** വരെയായിരുന്നു അയൽക്കൂട്ട തല തെരഞ്ഞെടുപ്പ്.

**അയൽക്കൂട്ടം**

അടുത്തടുത്ത് താമസിക്കുന്ന ഓരോ കുടുംബത്തിൽ നിന്നും 18 വയസ്സ് പൂർത്തിയായ ഒരു വനിത എന്ന കണക്കിൽ 10 മുതൽ 20 വരെയുള്ള അംഗങ്ങൾ അടങ്ങുന്ന ഒരു കൂട്ടായ്മയാണ് അയൽക്കൂട്ടം. ഓരോ അയൽക്കൂട്ട അംഗത്തിന്റെയും കുടുംബത്തിൽ മാറി മാറിയാണ് എല്ലാ ആഴ്ചയും യോഗം നടത്തേണ്ടത്. അയൽക്കൂട്ടാംഗങ്ങൾ മുഴുവൻ ചേരുന്നതാണ് അയൽക്കൂട്ട പൊതുസഭ. ഈ പൊതുസഭയിൽ വച്ച് ജനാധിപത്യ രീതിയിൽ അയൽക്കൂട്ട ഭരണത്തിനായി അഞ്ച് ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. പ്രസിഡന്റ്, സെക്രട്ടറി, വരുമാനദായക വോളന്റിയർ, ആരോഗ്യ-വിദ്യാഭ്യാസ വോളന്റിയർ, അടിസ്ഥാന വോളന്റിയർ എന്നിവരാണ് ഭാരവാഹികൾ. പ്രസിഡന്റോ

അല്ലെങ്കിൽ സെക്രട്ടറിയോ നിർബന്ധമായും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബാംഗമായിരിക്കണം.

**ബിപിഎൽ അനുപാതം**

| | | |
|---|---|---|
| 75% ൽ കൂടുതൽ ബിപിഎൽ അംഗങ്ങൾ അയൽക്കൂട്ടത്തിൽ ഉണ്ടെങ്കിൽ | 4 പേർ നിർബന്ധമായും ബിപിഎൽ ഭാരവാഹികളാകണം | ചട്ടം 15.3.4. |
| 51%-75% വരെ | 3 പേർ | |
| 26%-50% വരെ | 2 പേർ | |
| 26% താഴെ | 1 ആൾ | |

അയൽക്കൂട്ട ഭാരവാഹികളിൽ ഒരു സ്ഥാനത്തേക്ക് തുടർച്ചയായി ഒരംഗത്തിന് മൂന്ന് തവണ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ട്

**എസ്സി/എസ്ടി അനുപാതം**

| അനുപാതം | പ്രാതിനിധ്യം |
|---|---|
| 5%-15% | 1 |
| 16%-35% | 2 |
| 36%-50% | 3 |
| 50% മുകളിൽ | 4 |

തെരഞ്ഞെടുപ്പ് പൂർത്തിയായ ഉടൻ നൽകിയിരിക്കുന്ന ഫോം പൂരിപ്പിച്ച് വരണാധികാരി അല്ലെങ്കിൽ മെമ്പർ സെക്രട്ടറിക്ക് സമർപ്പിച്ചു.

**15-01-2018** വൈകുന്നേരം അഞ്ചിന് മുമ്പായി സിഡിഎസ് വരണാധികാരി എഡിഎസ് തെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടിക സിഡിഎസ് ഓഫീസിന് മുന്നിൽ പ്രസിദ്ധീകരിച്ചു.

## എഡിഎസ് തല തെരഞ്ഞെടുപ്പ്

**18-01-18 മുതൽ 21-01-18 വരെ**

എഡിഎസ് (ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റി)

ഒരു നഗര അല്ലെങ്കിൽ ഗ്രാമ പഞ്ചായത്ത് വാർഡിൽ രണ്ട് അയൽക്കൂട്ടമെങ്കിലുമുണ്ടെങ്കിൽ എഡിഎസ് രൂപീകരിക്കാം. ഒരു അയൽക്കൂട്ടം മാത്രമാണുള്ളതെങ്കിൽ മറ്റൊരു അയൽക്കൂട്ടം ഉണ്ടാകുന്നത് വരെ ആ അയൽക്കൂട്ടം എഡിഎസ്സിന്റെ ചുമതല കൂടി താത്ക്കാലികമായി നിർവ്വഹിക്കണം. എഡിഎസ് പരിധിക്കുള്ളിലെ എല്ലാ അയൽക്കൂട്ടങ്ങളിലെയും അഞ്ച് അംഗ ഭരണ സമിതിയാണ് എഡിഎസ്സിന്റെ പൊതു യോഗം.

എഡിഎസ് തെരഞ്ഞെടുപ്പ് പൊതുയോഗത്തിൽ ഏഴംഗ ഭരണ സമിതിയെയാണ് തെരഞ്ഞെടുക്കുന്നത്. ഈ ഭരണസമിതി അവർക്കിടയിൽ നിന്ന് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, സെക്രട്ടറി എന്നീ ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കുന്നു. ഇവരിൽ ഒരാൾ നിർബന്ധമായും ബിപിഎൽ കുടുംബാംഗമായിരിക്കണം. ഏഴംഗ സമിതിയിലെ 50 ശതമാനം (4 അംഗങ്ങൾ) ബിപിഎൽ ആയിരിക്കണം. എഡിഎസ് ഭാരവാഹി സ്ഥാനങ്ങളിലും തുടർച്ചായിയ ഒരംഗത്തിന് ഒരു സ്ഥാനത്തേക്ക് 3 തവണ മാത്രമേ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളൂ.

**എസ്സി/എസ്ടി അനുപാതം**

| അനുപാതം | പ്രാതിനിധ്യം |
|---|---|
| 5%-15% | 1 |
| 16%-35% | 2 |
| 36%-50% | 3 |
| 50% മുകളിൽ | 4 |

ഐസിഡിഎസ് പ്രവർത്തക, സാക്ഷരതാ പ്രേരക്, അനുഭവ സമ്പന്നരായ മുൻ എഡിഎസ് ഭാരവാഹികൾ, ജെപിഎച്ച്എൻ എന്നിങ്ങനെ നാല് എക്സ് ഒഫീഷ്യോ

അംഗങ്ങൾ കൂടി എഡിഎസ് ഭരണസമിതിയിലും പൊതുസഭയിലും വോട്ടവകാശം ഇല്ലാത്ത അംഗങ്ങളായിരിക്കും. ഭരണ സമിതി ചുമതലയേൽക്കുന്ന അതേ യോഗത്തിൽ വച്ച് ഈ അംഗങ്ങൾ ആരായിരിക്കണമെന്ന് ചർച്ച ചെയ്ത് തീരുമാനിക്കണം. എഡിഎസ് ഭരണ സമിതി മാസത്തിലൊരിക്കലും പൊതുയോഗം മൂന്ന് മാസത്തിൽ ഒരിക്കലും ചേരണം.

തെരഞ്ഞെടുപ്പ് പൂർത്തിയായ ഉടൻ നൽകിയിരിക്കുന്ന ഫോം പൂരിപ്പിച്ച് വരണാധി കാരിയെ ഏൽപ്പിച്ചു

**23-01-18**ന് സിഡിഎസ് വോട്ടർ പട്ടിക സിഡിഎസ് ഓഫീസിന് മുമ്പിൽ വരണാധികാരി പ്രസിദ്ധീകരിച്ചു. ഇത് സംബന്ധിച്ച അറിയിപ്പ് എല്ലാ സിഡിഎസ് ജനറൽ ബോഡി അംഗങ്ങൾക്കും നൽകി. തെരഞ്ഞെടുപ്പിനുള്ള സ്ഥലം നിശ്ചയിച്ച്.

## സിഡിഎസ് തല തെരഞ്ഞെടുപ്പ്

**25-01-18**

**സിഡിഎസ് :** ഒരു പഞ്ചായത്തിലെ എല്ലാ എഡിഎസുകളിലെ ഭരണസമിതി അംഗങ്ങൾ ഉൾപ്പെടുന്ന താണ് സിഡിഎസ് പൊതുയോഗം. പ്രത്യേക തെരഞ്ഞെടുപ്പ് പൊതുയോ ഗം വിളിച്ചു കൂട്ടിയാണ് സിഡിഎസ് ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. ഓരോ എഡിഎസ് ഭരണ സമിതിയിൽ നിന്നും ഒരംഗം സിഡിഎസ് ഭരണ സമിതിയിൽ ഉണ്ടാകണം. തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതി അംഗങ്ങളുടെ എണ്ണം ആ സിഡിഎസ്സിന് കീഴിലുള്ള എഡിഎസ്സുകളുടെ എണ്ണത്തിന് തുല്യമായിരിക്കും. ഭരണസമിതിയിൽ 50 ശതമാനം അംഗങ്ങളും ബിപിഎൽ വിഭാഗത്തിൽപ്പെട്ടവരാ യിരിക്കണം. 50 ശതമാനത്തിൽ കുറവാകുന്ന പക്ഷം തെരതദഞ്ഞെടുപ്പ് അസാധുവായി പ്രഖ്യാപിക്കും. വീണ്ടും തെരഞ്ഞെടുപ്പ് നടത്തണം. ഈ ഭരണസമിതി അംഗങ്ങൾ അവർക്കിടയിൽ നിന്ന് ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നീ ഔദ്യോഗിക ഭാരവാഹികളെ തെരഞ്ഞെടുക്കണം. ഇവരിൽ ഒരാൾ നിർബന്ധമായും ബിപിഎൽ കുടുംബാംഗം ആയിരിക്കണം. സിഡിഎസ് പൊതു സഭയിൽ നിന്നും ഭരണ സമിതി അംഗങ്ങളല്ലാത്ത രണ്ട് ഇന്റേൽ ഓഡിറ്റർമാരെയും തെരഞ്ഞെടുക്കണം. സിഡിഎസ് ഭരണസമിതിയടെ ആദ്യ യോഗത്തിൽ ഉപസമിതി കൺവീനർമാരെയും തെരഞ്ഞെടുക്കണം.

സിഡിഎസ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് തുടർച്ചയായി ഒരംഗത്തിന് രണ്ട് തവണ മാത്രമേ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടാകൂ. എന്നാൽ എസ് സി-

എസ്ടി വിഭാഗത്തിന് ഇത് ബാധകമല്ല. സർക്കാർ, അർദ്ധ സർക്കാർ, സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാതിര ഏജൻസികൾ എന്നിവയിൽ ജോലി ചെയ്യുന്ന വ്യക്തികൾ, അംഗൻവാടി ജീവനക്കാർ, ആശ വർക്കർമാർ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ- മറ്റ് സ്ഥിരം ജോലിയുള്ളവർ (സർക്കാർ- സ്വകാര്യ സ്ഥാപനങ്ങലിൽ) തുടങ്ങിയവർക്ക് ചെയർപേഴ്സൺ ആയി തെരഞ്ഞെടുക്കപ്പെടാൻ യോഗ്യതയില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ മറ്റ് സഹകരണ സ്ഥാപനങ്ങളിലേക്കോ തെരഞ്ഞെടുക്കപ്പെട്ടവർ ക്കോ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കോ കുടുംബശ്രീ സംഘടനാ സംവിധാനങ്ങളിലെ തെരഞ്ഞെടുപ്പുകളിൽ സ്ഥാനാർഥികളാകാൻ അർഹതയില്ല.

തെരഞ്ഞെടുപ്പിനായി സിഡിഎസ് പൊതു സഭകൾ ചേർന്നു. പഞ്ചായത്ത് അല്ലെങ്കിൽ മുനിസിപ്പാലിറ്റി അല്ലെങ്കിൽ കോർപ്പറേഷൻ എന്നീ കെട്ടിടങ്ങളുമായി ചേർന്ന ഹാളിലാണ് പൊതുസഭ സംഘടിപ്പിച്ചത്. വരണാധികാരി നേരിട്ട് മേൽനോട്ടം വഹിച്ചു. തെരഞ്ഞെടുപ്പ് പൂർത്തിയായ ശേഷം തെരഞ്ഞെടുപ്പ് നടപടി രേഖ തയാറാക്കി ഓരോ സിഡിഎസ് വരണാധികാരിയും അത് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ, ജില്ലാ മിഷൻ കോർഡിനേറ്റർ, സിഡിഎസ് നിയുക്ത ചെയർപേഴ്സൺ, മെമ്പർ സെക്രട്ട റി എന്നിവർക്ക് കൈമാറി.

**ഓണറേറിയം**

ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥന് - 2000 രൂപ

വരണാധികാരി - 1200 രൂപ

അസിസ്റ്റന്റ് വരണാധികാരി- 800

എഡിഎസ് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ- 1 എഡിന് 150 രൂപ ക്രമത്തിൽ

മെമ്പർ സെക്രട്ടറി - 500

മേൽപ്പറഞ്ഞ തുക ജില്ലാ മിഷൻ പ്ലാൻ ഫണ്ടിലെ സംഘടനാ ശാക്തീകരണ വിഭാഗ ത്തിൽ നിന്നുമാണ് കണ്ടെത്തിയത്.